# TMU·UP SCHOOL
# MEENADOM

## ACADEMIC
## MASTER PLAN
## 2025 - 2026

# ടി.എം.യു.യു.പി.സ്കൂൾ
# മീനടം - 2025-26
# അക്കാദമിക് മാസ്റ്റർപ്ലാൻ

1933 ൽ സ്ഥാപിതമായ ടി.എം.യു.യു.പി.സ്കൂൾ ഇന്ന് നവതിയുടെ നിറവിലാണ്. 2025-26 അധ്യയന വർഷത്തിൽ 3 ഡിവിഷനുകളിലായി 48 കുട്ടികൾ പഠിക്കുന്നു. 2024-25 അധ്യയന വർഷത്തിൽ ഭാഷാ പഠനത്തിൽ കുട്ടികളിൽ കണ്ടെത്തിയ പഠനവിടവുകൾ പരിഹരിക്കുന്നതിനായി എല്ലാ ദിവസവും ദിനപത്രം സ്കൂളിൽ വായിക്കുന്നതിനുള്ള അവസരം ഒരുക്കി നൽകി. ലൈബ്രറി പുസ്തകങ്ങൾ നൽകി അധികവായനയ്ക്ക് അവസരം നൽകി. വായനയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ സഹായിക്കുന്നതിന് നന്നായി വായിക്കുന്ന കുട്ടികളെ ചുമതലപ്പെടുത്തി. കേട്ടെഴുത്ത് പകർത്തിയെഴുത്ത് തുടങ്ങിയ പ്രവർത്തനങ്ങളും അധ്യാപകരുടെ മേൽനോട്ടത്തിൽ നടത്തി.

2025-26 വർഷം ഈ സ്കൂളിൽ നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് പി.റ്റി.എ പ്രസിഡന്റ് ശ്രീമതി അനു ദിലീപിന്റെ അധ്യക്ഷതയിൽ കൂടിയ PTA കമ്മിറ്റിയിൽ വിശദമായി ചർച്ച ചെയ്തു.

രാവിലെ ക്ലാസ് തുടങ്ങുന്നതിനു മുമ്പായി ഓരോ ക്ലാസിലെയും കുട്ടികൾക്ക് ക്ലാസ് ടീച്ചറുടെ നേതൃത്വത്തിൽ പൊതുവിജ്ഞാന ക്ലാസ് എടുക്കുന്നതിന് തീരുമാനിച്ചു. വൈകിട്ട് ക്ലാസ് കഴിഞ്ഞുള്ള സമയവും ഇത് തുടരുന്നതിന് തീരുമാനമെടുത്തു. Quiz മത്സരത്തിൽ പങ്കെടുക്കുന്നവർക്കും, LSS സ്കോളർഷിപ്പ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നവർക്കും ഇത് വളരെ പ്രയോജനപ്പെടുന്നതാണ്.

ആഴ്ചയിൽ ഒരു ദിവസം (ബുധൻ) അസംബ്ലി നടത്തുന്നു. ഓരോ ആഴ്ചയിലും ഓരോ ക്ലാസിലെ കുട്ടികൾ Assembly ക്ക് നേതൃത്വം നൽകുന്നതിനും അവരെ സജ്ജരാക്കുന്നതിന് ക്ലാസ് അധ്യാപകർക്ക് നിർദ്ദേശം നൽകി.

ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ക്വിസ് മത്സരം, പോസ്റ്റർ നിർമ്മാണം, കഥാരചന, കവിതാരചന, പ്രസംഗം എന്നിവ കുട്ടികളെക്കൊണ്ട് തയ്യാറാക്കി അവതരിപ്പിക്കുന്നതിനും വിജയികളായ കുട്ടികളെ അനുമോദിക്കുന്നതിനും തീരുമാനിച്ചു.

പഠനത്തോടൊപ്പം ശാരീരിക വിദ്യാഭ്യാസത്തിനും പ്രാധാന്യം നൽകുന്നതിനായി ആഴ്ചയിൽ ഒരു ദിവസം ഒരു PET അധ്യാപികയെ മാനേജ്മെന്റ് നിയമിച്ചതായി രക്ഷിതാക്കളെ ബോധിപ്പിച്ചു. യോഗ, സുംബ പോലുള്ള ആക്ടിവിറ്റികളും പരിശീലിപ്പിക്കുന്നതിന് തീരുമാനിച്ചു. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുന്നതിനായി ഒഴിവുസമയങ്ങളിൽ ലഘുപരീക്ഷണങ്ങൾ സയൻസ് അധ്യാപകരുടെ നേതൃത്വത്തിൽ നടത്തുവാൻ തീരുമാനിച്ചു. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ അധിക സമയം കണ്ടെത്തി പരിശീലനം നൽകുന്നതിന് തീരുമാനമെടുത്തു.

കൃഷിയിൽ അഭിരുചി വളർത്തുന്നതിനും ഭൂമിയെ സംരക്ഷിക്കുന്നതിനുമായി സ്കൂളിൽ പച്ചക്കറിത്തോട്ടം വിപുലീകരിക്കുന്നതിനും വൃക്ഷത്തൈകൾ നടുന്നതിനും പൂന്തോട്ടം നിർമ്മിക്കുന്നതിനും തീരുമാനിച്ചു.

ക്ലാസ് അടിസ്ഥാനത്തിൽ സ്ഥലം വിഭജിച്ച് നൽകി പൂന്തോട്ടനിർമ്മാണം നടത്തുന്നതിന് തീരുമാനിച്ചു

ആഴ്ചയിൽ ഒരു ദിവസം (വെള്ളിയാഴ്ച) Dry day നടത്തുന്നതിന് തീരുമാനിച്ചു. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് ലഘുലേഖകൾ, പതിപ്പുകൾ, ഉപന്യാസ [illegible] ഉദ്ഘാടനം എന്നിവ നടത്തുന്നതിന് തീരുമാനിച്ചു. പോഷകാഹാരം - ബോധവൽക്കരണ ക്ലാസ്, ലഹരി ഉപയോഗങ്ങളുടെ ദൂഷ്യഫലങ്ങൾ - ബോധവൽക്കരണ ക്ലാസ്. പേവിഷബാധ - ബോധവൽക്കരണ ക്ലാസ് എന്നിവ സമയബന്ധിതമായി നടത്തുന്നതിനും തീരുമാനിച്ചു

T.M.U.U.P

SHIJI PAUL
HEADMISTRESS
T.M U.U.P SCHOOL
MEENADOM 686 516
PEN-241186

സംസ്കൃതം

അക്കാദമിക് മാസ്റ്റർപ്ലാൻ - 2025-26

ക്ലാസ് - 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
| --- | --- | --- | --- | --- |
| ഇന്ത്യയിലെ ൗദ്യോഗിക ഭാഷ- ളിൽ ഒന്നാണ് ംസ്കൃതം.<br><br>ല്ലാ കുട്ടികൾക്കും ക്ഷരങ്ങളും ദങ്ങളും ഉറപ്പി- ൽ | 1. ഭാഷാ ജ്ഞാനം<br>· അക്ഷര എഴുത്ത്<br>· ചിഹ്നം ഉറപ്പിക്കൽ<br>· അക്ഷരകാർഡ്<br>· വാക്കുകൾ എഴുതിയ കാർഡ്<br>· അക്ഷരമാല പ്രദർശനം<br>· അക്ഷര മരം നിർമ്മിക്കൽ<br>· പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ - ഓഗസ്റ്റ് | അക്ഷരചാർട്ട്<br>പാഠപുസ്തകം<br>ICT | PTA<br>അധ്യാപിക |
| | 2. പറയാം പഠിക്കാം<br>· ചിത്രങ്ങളുടെ പേര് പറയൽ<br>· ചിത്ര കഥകൾ<br>· ലഘുസംഭാഷണങ്ങൾ നിത്യ ജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ. | ജൂൺ - ജൂലൈ | ICT | അധ്യാപിക |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
| --- | --- | --- | --- | --- |
| ീട് ഒരു പരീക്ഷണശാല<br>ാണുന്നതും ൾക്കുന്നതും പയോഗിക്കുന്നതു-യ വസ്തുക്കളുടെ ര് സംസ്കൃതത്തിൽ റിക്കുക. | · വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>· ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ - ഒക്ടോബർ. | സംസ്കൃതം നിഘണ്ടു | അധ്യാപിക |
| വായനാലോകം<br>ുട്ടിയെ വായനയുടെ ലോകത്തേക്ക് ൊണ്ടുവരൽ. | · ലഭ്യമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>· സംസ്കൃതം പിരിയഡുകളിൽ അഞ്ച് മിനിട്ട് ഒരു കുട്ടി പുസ്തകത്തിന്റെ പേജ് ഉറക്കെ വായിക്കുക.<br>· ഏറ്റവും നന്നായി കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | 6 മാസം | ക്ലാസ് ലൈബ്രറി | അധ്യാപിക |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | ചിന്തുന്ന |
|---|---|---|---|---|
| കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃത ഭാഷാ പഠനനേട്ടങ്ങൾ. | • ക്ലബ്ബ് രൂപീകരണം<br>• പഠനോപകരണ നിർമ്മാണം<br>• കലണ്ടർ നിർമ്മാണം<br>• ഗൃഹ സന്ദർശനം<br>• പഠനയാത്ര | ജൂൺ - മാർച്ച് | ചാർട്ട്, ചിത്രം | അധ്യാപിക |
| മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ | • ക്വിസ് മത്സരങ്ങൾ നടത്തുന്നു.<br>• മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | അധ്യാപിക. |
| ക്ലാസ് റൂം ആകർഷകമാക്കുന്നതിന് | • പെയിന്റിംഗ്<br>• സൗകര്യപ്രദമായ ഇരിപ്പിടം ഒരുക്കുന്നു.<br>• ലൈബ്രറി ഒരുക്കുന്നു. | | | |

# മലയാളം
## അക്കാദമിക മാസ്റ്റർപ്ലാൻ 2025-26
### ക്ലാസ് - 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | Pre-test<br>അക്ഷരം ഉറപ്പിക്കൽ<br>ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>അക്ഷരക്കാർഡ് നൽകൽ<br>വാക്കുകൾ എഴുതിയ കാർഡ്<br>വാക്കുകൾ നിർമ്മിക്കൽ<br>വാക്യങ്ങൾ നിർമ്മിക്കൽ<br>ചിത്രം - അടിക്കുറിപ്പ്, കഥ പറയൽ, കഥ എഴുതൽ, ബാക്കി എഴുതൽ<br>കഥാപുസ്തകം നൽകൽ | രണ്ട് മാസം<br>Aug - sept | പുസ്തകങ്ങൾ<br>CD | PTA<br>അധ്യാപിക |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>വായനമൂല<br>പത്രവായന<br>വായനക്കുറിപ്പ്, ചർച്ച<br>വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം | 6 മാസം | സ്കൂൾ ലൈബ്രറി<br>ഗ്രന്ഥശാല<br>പത്രങ്ങൾ | PTA<br>അധ്യാപിക |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടും ഉള്ള അനുകൂലമനോഭാവം വളർത്തുക വഴി കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കൽ. | ICT യുടെ സഹായത്തോടെ സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണങ്ങളും, സംവാദങ്ങളും കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. | പാഠ്യപ്രവർത്തനങ്ങൾക്കനുസൃതമായി | ICT | അധ്യാപിക |
| കുട്ടികളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ എന്നിവ അവതരിപ്പിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു. | " | | അധ്യാപിക |

ഗണിതം : അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| അടിസ്ഥാന ഗണിത …ിയകൾ എളുപ്പ… …കൾക്കും ഉറപ്പ് …ുത്തുന്നു. | ഗണിത ശില്പശാല<br>കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ്..... ഉപയോഗിക്കുന്നു. | ജൂൺ മാസം | ഗണിത അധ്യാപകർ | |
| …സക്തമായ ഗണിത …സ്ത്ര പഠനവും …ചലന ശേഷിക …ുടെ വികാസവും. | ജ്യാമിതി ശില്പശാല<br>ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവിശ്യം | ഗണിത അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| ഗണിതം മധുരമാക്കൽ | ഗണിത പാർക്ക് ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവിശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ് PTA |
| ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ | ഗണിത ഗ്രാമം ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ, ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | PTA |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ.ടി. സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ഇവ IT സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

| | | | | |
|---|---|---|---|---|
| * ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിത ക്ലിനിക്ക്<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| * വിവിധ ശേഷികളുടെ വികസനം | ദിനാചരണം<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

അക്കാദമിക മാസ്റ്റർ പ്ലാൻ — 2025 – 26 ശാസ്ത്രം

| ...ർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|---|
| | ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | നിശാഗന്ധി - ജൈവവൈവിധ്യ പാർക്ക്. ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ, ഹെൽത്ത് ക്ലബ്ബ്. | പി.ടി.എ. |
| | | പരീക്ഷണക്കളരി<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. | | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്. | സയൻസ് ക്ലബ്ബ് |

| ക്ര നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- | --- |
| 2. | ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | <u>മാസ്റ്റർ മൈന്റ്</u><br>ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ് ശാസ്ത്രക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്. | സയൻസ് ക്ലബ്ബ്. |
| | | <u>പ്രൊ എക്സ്പോ</u>- പ്രൊ എക്സ്പ്ലോർ.<br>ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ്. |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| | | ശാസ്ത്ര വിസ്മയ ചുമർ<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | P.T.A. സയൻസ് ക്ലബ്ബ് |
| | | മുഖാമുഖം.<br>ശാസ്ത്രമേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |
| 3 | ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളു | വിസ്മയ യാത്ര.<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
| --- | --- | --- | --- | --- |
| ...മായി ബന്ധപ്പെട്ട ...ശാസ്ത്ര പഠനത്തി ...മായി പ്രയോജന ...പ്പെടുത്തുക. | ലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ ശാസ്ത്ര കാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ | പി.ടി.എ |
| പ്രതിഭാശാലിക ളായ വിദ്യാർത്ഥി കളിൽ ഗവേഷ ണാത്മകത വർധിപ്പിക്കൽ. | Atal Tinkering Laboratory - പ്രയോജനപ്പെടുത്തി പ്രതിഭാ ശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. ഇലക്ട്രോണിക്, റോബോട്ടിങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

# ...ക്കാദമിക മാസ്റ്റർ പ്ലാൻ 2025-26 — സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | വിശകലനം |
|---|---|---|---|---|
| ...മൂഹ്യശാസ്ത്ര...ന്റെ അടിസ്ഥാന അറിവുകൾ, ...യങ്ങൾ ഇവ ...ശോധിക്കൽ ...പ്പെടുത്തൽ | അക്ഷരത്താട് – കളിയിൽ നിന്ന് കാര്യത്തിലേയ്ക്ക് സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| | ഓർമ്മച്ചെപ്പ് അന്തർദേശീയതലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| ...ഠിതാക്കളെ ...ചരിത്രാവബോധം ...ള്ളവരാക്കി ...ിയെടുക്കുക. | Virtual Field Trip ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | വിശകലനം |
|---|---|---|---|---|
| ...പത്യപരമായ സമീപനം ...പ്പെടുത്തുക | വിദ്യാലയത്തിൽ നിന്ന് അങ്ങോട്ടേക്ക് ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| ...കൃതിദുരന്ത-...ക്കുറിച്ച് മന-...സി ...പ്രവർത്തനങ്ങ...ർപ്പെടാൻ ...താക്കളെ ബോധ...രാക്കുന്നു. | പ്രകൃതി താണ്ഡവം: നേർക്കാഴ്ച ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| ...സഹജീവികളോട് ...ഭാവന വളർത്തി...ടുക്കുവാൻ ...പ്രോത്സാഹിപ്പി-...ക്കുന്നു. | നമ്മുടെ നുറുങ്ങുവെട്ടം പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാനവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ |

| ...ക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | വിശകലനം |
|---|---|---|---|---|
| | ദുരന്ത ബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | | | |
| ...വിനിമയ ...തിക വിദ്യയുടെ ...യോഗങ്ങളെ ...ും റോഡ് ...യമങ്ങളെക്കുറിച്ചും ...ർഥികളെ ...ബോധവാന്മാരാക്കുന്നു. | ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്കരണക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| ...സ്ഥിതിവികസന ...ഴ്ചപ്പാട് രൂപപ്പെ- ...ടുന്നു | കാടെവിടെ മക്കളേ? (field tip) പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്കു വിധേയമായ കാവുകൾ, കണ്ടൽകാടുകൾ, തണ്ണീർതടങ്ങൾ കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| സാമൂഹ്യശാസ്ത്ര ...ഷയത്തിലൂടെ ...ഠിതാക്കളെ ഉന്നത ...ദ്യോഗിക നിലവാര- ...ത്തിലേക്ക് എത്തിക്കുന്നു. | പുതുയുഗവാതിലിലേക്ക് സിവിൽ സർവ്വീസ് പരീക്ഷകളെഴുതുവാൻ പ്രാപ്തി നേടുംവിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിർമിച്ചുകൊണ്ട് ചോദ്യോത്തരവേളകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

T.M.U.U.P SCHOOL
KOTTAYAM
Pin 686 516
MEENADOM

SHIJI PAUL
HEADMISTRESS.
T.M.U.U.P SCHOOL
MEENADOM 686 516
PEN-241186